# ചീഫ് എഞ്ചിനീയറുടെ കാര്യാലയം തദ്ദേശ സ്വയംഭരണ വകുപ്പ്
# ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്
# ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. ജോൺസൺ. കെ)

വിഷയം : തസ്വഭവ – LID&EW – വനിത ശിശു വികസന വകുപ്പും തദ്ദേശ സ്വയം ഭരണ വകുപ്പും ചേർന്നുള്ള സംയുക്ത സംരംഭം മുഖേന 25 അങ്കണവാടികൾ നവീകരിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1) സ.ഉ(സാധാ)നം. 325/2022/വശിവിവ തിയതി. 12.07.2022
2) വനിത ശിശു വികസന ഡയറക്ടറുടെ 12.08.2022-ലെ ICDS/A7/6333/22 നമ്പർ ഉത്തരവ്.
3) ഈ കാര്യാലയത്തിലെ 26.06.2019 തിയതിയിലെ ഇ14/12793/2018/സിഇ/ തസ്വഭവ നമ്പർ സർക്കുലർ.

## ഉത്തരവ് നം.ഇ14/11649/2022/സിഇ/LID&EW തീയതി.17.09.2022

2022-23 സാമ്പത്തിക വർഷത്തിൽ 4235-02-102-96 (P) ശീർഷകത്തിൽ ഒരു കോടി രൂപ വിനിയോഗിച്ച് (അങ്കണവാടി ഒന്നിന് ഒരു ലക്ഷം മുതൽ പരമാവധി 10 ലക്ഷം രൂപ വരെ) 25 അങ്കണവാടികൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം കെട്ടിടം നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയും, ടി തുക മേൽ ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകിയും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

പരാമർശം (2) ഉത്തരവിന്റെ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെട്ട 25 അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട കോർപ്പറേഷൻ/ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് നൽകി ഇതിനാൽ ഉത്തരവാകുന്നു. ബന്ധപ്പെട്ട കോർപ്പറേഷൻ/ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മേൽ അങ്കണവാടികളുടെ നവീകരണ പുരോഗതി നിശ്ചിത ഇടവേളകളിൽ വിലയിരുത്തി പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് കോർപ്പറേഷൻ/ഗ്രാമ പഞ്ചായത്ത് LID&EW അധികാരികൾ സർക്കാർ വിഹിതം ലഭിക്കുന്നതിലേക്ക് പരാമർശം (3) സർക്കുലർ പ്രകാരമുള്ള അനുബന്ധ രേഖകളോടൊപ്പം നിശ്ചിത മാതൃകയിലുള്ള ബിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണെന്നും ഇതോടൊപ്പം ഉത്തരവാകുന്നു.

**ചീഫ് എഞ്ചിനീയർ**

ഉള്ളടക്കം: സൂചന (2) ഉത്തരവിന്റെ പകർപ്പ്

പകർപ്പ്:

1) വനിത ശിശു വികസന ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം
2) ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക്
3) കരുതൽ/സ്റ്റോക്ക് ഫയൽ

AK

E14 11649 19/08/2022 17/08/22

# വനിതശിശുവികസനഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ : ശ്രീമതി.പ്രിയങ്ക.ജി.IAS )

വിഷയം : വനിതശിശുവികസനവകുപ്പ്-2022-23 അങ്കണവാടി നവീകരണം-
25 അങ്കണവാടികൾ നവീകരിക്കുന്നതിന് അനുമതി നൽകി
ഉത്തരവാകുന്നു

സൂചന : 1) സ.ഉ.(സാധാ) നം 325/2022/വശിവിവ തീയതി : 12/07/2022
2)സ.ഉ(സാധാ) നം 6923/2021/ധന തീയതി : 26/10/2021

## ഉത്തരവ് നം ഐസിഡിഎസ്സ്/എ7/6333/22 തീയതി: 12/08/2022

അങ്കണവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹികവിഭവകേന്ദ്രമാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷം 4235-02-102-96 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 200 ലക്ഷം രൂപയിൽ നിന്നും 100 ലക്ഷം രൂപ വിനിയോഗിച്ച് 25 അങ്കണവാടി കെട്ടിടങ്ങൾ ഒരു ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ നിരക്കിൽ തദ്ദേശസ്വയംഭരണഎഞ്ചിനീയറിംഗ് വിംഗ് മുഖേന നവീകരണം നടത്തുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ചീഫ് കൺട്രോളിംഗ് ആഫീസറായിട്ടുള്ള 4235-02-102-96 പ്ലാൻ ശീർഷകത്തിൽ നിന്നും തദ്ദേശസ്വയംഭരണവകുപ്പ് നിർമ്മാണം/നവീകരണം പൂർത്തിയാക്കുന്ന പക്ഷം തുക പിൻവലിക്കുന്നതിനായി തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറെ ടി ശീർഷകത്തിൽ cross map ചെയ്ത് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

വിവിധ ജില്ലകളിൽ നിന്നും അങ്കണവാടികൾ നവീകരിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ട് LSGD എഞ്ചിനീയറിംഗ് വിഭാഗം മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലുകളിൽ നിന്നും അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റ് പ്രകാരമുള്ള 25 അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിന് അനുമതി നൽകിയും നവീകരണചുമതല തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർക്ക് നൽകിയും ഉത്തരവാകുന്നു.

നവീകരണാനുമതി നൽകിയിട്ടുള്ള അങ്കണവാടികളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള നവീകരണപ്രവൃത്തികൾ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ അടിയന്തിരമായി ആരംഭിക്കേണ്ടതും നടപ്പ് വർഷം തന്നെ നവീകരണം പൂർത്തിയാക്കി 4235-02-102-96 പ്ലാൻ ശീർഷകത്തിൽ നിന്നും തുക അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്. പോഗ്രാം ആഫീസർമാർ പ്രതിമാസനവീകരണപുരോഗതി വിലയിരുത്തി അങ്കണവാടികളുടെ നവീകരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും പ്രതിമാസ റിപ്പോർട്ട് ഈ കാര്യലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ചീഫ് എഞ്ചിനീയർ
LSGD എഞ്ചിനീയറിംഗ് വിംഗ്
തിരുവനന്തപുരം (സർക്കാർ ഉത്തരവ് സഹിതം)

ഒപ്പ്

വനിതശിശുവികസനഡയറക്ടർ

**<u>പകർപ്പ്</u>**

1)ചീഫ് എഞ്ചിനീയർ,PWD കെട്ടിട വിഭാഗം
2)എക്സിക്യൂട്ടിവ് എഞ്ചിനീയർ,LSGD (പ്രോഗ്രാം ആഫീസർമാർ മുഖേന)
3)അസിസ്റ്റന്റ് എഞ്ചിനീയർ, LSGD (സിഡിപിഒമാർ മുഖേന)
4)ബന്ധപ്പെട്ട പ്രോഗ്രാം ആഫീസർമാർക്ക്
5) ബന്ധപ്പെട്ട സിഡിപിഒമാർക്ക്
5) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

Sunde

സൂപ്രണ്ട്

2022-23 സാമ്പത്തിക വർഷം നവീകരണാനുമതി നൽകുന്ന 25 അങ്കണവാടികളുടെ ലിസ്റ്റ്

ഉത്തരവ് നം ഐസിഡിഎസ്സ്/എ7-6333/22 തീയതി : 12 /08/2022

| ക്രമ നം | ജില്ല | ഐസിഡിഎസ്സ് | പഞ്ചായത്ത് | സെന്റർ നം | തുക |
|---|---|---|---|---|---|
| 1 | കോഴിക്കോട് | അർബൻ 3 | കോഴിക്കോട് കോർപ്പറേഷൻ | 72 | 1000000 |
| 2 | കോഴിക്കോട് | കുന്ദമംഗലം അഡീഷണൽ | കൊടിയത്തൂർ | 37 | 140000 |
| 3 | കോഴിക്കോട് | പേരാമ്പ്ര | നൊച്ചാട് | 113 | 140000 |
| 4 | കോഴിക്കോട് | പേരാമ്പ്ര | ചെറുവണ്ണൂർ | 53 | 175000 |
| 5 | പത്തനംതിട്ട | പുളിക്കീഴ് | നെടുമ്പ്രം | 66 | 250000 |
| 6 | പത്തനംതിട്ട | പുളിക്കീഴ് | നെടുമ്പ്രം | 68 | 314000 |
| 7 | മലപ്പുറം | വണ്ടൂർ അഡീഷണൽ | പാണ്ടിക്കാട് | 112 | 126000 |
| 8 | മലപ്പുറം | വണ്ടൂർ | മമ്പാട് | 114 | 1000000 |
| 9 | മലപ്പുറം | അരീക്കോട് | കിഴുപ്പറമ്പ് | 55 | 380000 |
| 10 | ഇടുക്കി | നെടുങ്കണ്ടം അഡീഷണൽ | രാജകുമാരി | 44 | 151000 |
| 11 | തൃശ്ശൂർ | കൊടുങ്ങല്ലൂർ | എറിയാട് | 48 | 106057 |
| 12 | തൃശ്ശൂർ | കൊടുങ്ങല്ലൂർ | എറിയാട് | 21 | 139324 |
| 13 | തൃശ്ശൂർ | കൊടുങ്ങല്ലൂർ | എറിയാട് | 50 | 123257 |
| 14 | തൃശ്ശൂർ | കൊടുങ്ങല്ലൂർ | എറിയാട് | 36 | 112861 |
| 15 | കണ്ണൂർ | ഇരിക്കൂർ | മയ്യിൽ | 50 | 1000000 |
| 16 | കണ്ണൂർ | തളിപ്പറമ്പ് | കുറമാത്തൂർ | 49 | 1000000 |
| 17 | തിരുവനന്തപുരം | പെരുങ്കടവിള അഡീഷണൽ | പെരുങ്കടവിള | 21 | 906000 |
| 18 | തിരുവനന്തപുരം | വെള്ളനാട് | കുറ്റിച്ചൽ | 117 | 181000 |
| 19 | കാസർഗോഡ് | മഞ്ചേശ്വരംഅഡീഷണൽ | പുത്തിഗൈ | 48 | 1000000 |
| 20 | പാലക്കാട് | മണ്ണാർക്കാട് | തച്ചമ്പാറ | 45 | 260000 |
| 21 | കോട്ടയം | ഈരാറ്റുപേട്ട | മൂന്നിലവ് | 137 | 598232 |
| 22 | കോട്ടയം | വാഴൂർ | നെടുകുന്നം | 71 | 238000 |
| 23 | കൊല്ലം | ചടയമംഗലം അഡീഷണൽ | കടയ്ക്കൽ | 109 | 178000 |
| 24 | കൊല്ലം | ചടയമംഗലം അഡീഷണൽ | കടയ്ക്കൽ | 98 | 126000 |
| 25 | വയനാട് | കൽപ്പറ്റ | കൊട്ടത്തറ | 56 | 300000 |
| | | ആകെ | | | 9944731 |

തൊണ്ണൂറ്റിഒൻപത് ലക്ഷത്തിനാല്പത്തിനാലായിരത്തിഎഴുനൂറ്റിമുപ്പത്തിഒന്ന് രൂപ

Sd/-

വനിതശിശുവികസനഡയറക്ടർക്ക് വേണ്ടി

ICDS A7

D-7 27/7/22

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - വർക്കിംഗ് ഗ്രൂപ്പ് - ഐസിഡിഎസ് - അങ്കണവാടി നവീകരണം - 2022-23 - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 325/2022/വശിവിവ** **തീയതി, തിരുവനന്തപുരം, 12/07/2022**

---

പരാമർശം: 1. സ.ഉ(സാധാ)നം. 692./2021/ധന തീയതി 26.10.2021.

2. സ.ഉ(സാധാ)നം. 24 /2022/വശിവിവ തീയതി 21.05.2022.

3. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 09.06.2022 ലെ ഐസിഡിഎസ്/എ 7-6333/21 നമ്പർ കത്ത്.

4. 14.06.2022 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

വനിത ശിശു വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്താകെ പ്രവർത്തിക്കുന്ന 33115 അങ്കണവാടികളിൽ 24360 അങ്കണവാടികൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. പ്രാരംഭ ശൈശവകാല സംരക്ഷണം നൽകുന്നതിനും അങ്കണവാടികളിൽ എത്തിച്ചേരുന്ന കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസത്തിനുമായി അങ്കണവാടികളെ ശിശു സൗഹൃദമാക്കേണ്ടതുണ്ട്. നിലവിൽ 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, അമ്മമാർ എന്നിവർക്ക് അങ്കണവാടികൾ മുഖേന നിരവധി സേവനങ്ങൾ നല്കി വരുന്നുണ്ട്. അങ്കണവാടികളെ ശിശു സൗഹൃദ-ശിശുപരിപോഷണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി അങ്കണവാടി കെട്ടിടങ്ങൾ യഥാസമയം നവീകരണം നടത്തി സുരക്ഷിതത്വം ഉറപ്പാക്കേണ്ടതുണ്ട്.

(2) 2022-23 സാമ്പത്തിക വർഷത്തിൽ അങ്കണവാടി കെട്ടിട നിർമ്മാണവും നവീകരണവും പദ്ധതിയ്ക്കായി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ CCO ആയ 4235-02-102-96(P) ശീർഷകത്തിൽ വകയിരുത്തിയ രണ്ട് കോടി രൂപയിൽ നിന്നും ഒരു കോടി രൂപ വിനിയോഗിച്ച് 100 അങ്കണവാടികൾ നവീകരിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ടി ശീർഷകത്തിൽ നിലവിൽ ഒരു കോടി രൂപ അവശേഷിക്കുന്നുവെന്നും നടപ്പ സാമ്പത്തിക വർഷം അങ്കണവാടി ഒന്നിന് വകുപ്പ വിഹിതമായി ഒരു ലക്ഷം മുതൽ പരമാവധി 10 ലക്ഷം രൂപ വരെ നിരക്കിൽ 25 അങ്കണവാടികൾ നവീകരിക്കുന്നതിന് ആകെ 1,00,00,000/- രൂപ ചെലവ് വരുന്നതാണെന്നും ഡയറക്ടർ അറിയിച്ചിരിക്കുന്നു. അങ്കണവാടി കെട്ടിട നിർമ്മാണം/നവീകരണം നടത്തുന്നത് LSGD എഞ്ചിനീയറിംഗ്

വിഭാഗം മുഖേനയായതിനാൽ നിർമ്മാണം/നവീകരണം പൂർത്തിയാകുന്ന മുറയ്ക്ക് അനുവദിക്കുന്നതിനായി ടി ശീർഷകത്തിൽ LSGD ചീഫ് എഞ്ചിനീയറെ ക്രോസ്സ് മാപ് ചെയ്ത് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 4235-02-102-96 (P) ശീർഷകത്തിൽ അവശേഷിക്കുന്ന 1,00,00,000/-(ഒരു കോടി രൂപ മാത്രം) രൂപ വകുപ്പ വിഹിതമായി വിനിയോഗിച്ച് (അങ്കണവാടി ഒന്നിന് ഒരു ലക്ഷം മുതൽ പരമാവധി 10 ലക്ഷം രൂപ വരെ) വിനിയോഗിച്ച് 25 അങ്കണവാടികൾക്ക് LSGD എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം LSGD എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം കെട്ടിടം നവീകരിക്കുന്നതിനും, ടി തുക 4235-02-102-96 (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

(3) 14.06.2022 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022-23 സാമ്പത്തിക വർഷത്തിൽ 4235-02-102-96(P) ശീർഷകത്തിൽ അവശേഷിക്കുന്ന 1,00,00,000/- (ഒരു കോടി രൂപ മാത്രം) രൂപ വകുപ്പ വിഹിതമായി വിനിയോഗിച്ച് (അങ്കണവാടി ഒന്നിന് ഒരു ലക്ഷം മുതൽ പരമാവധി 10 ലക്ഷം രൂപ വരെ) 25 അങ്കണവാടികൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം കെട്ടിടം നവീകരിക്കുന്നതിന് ഭരണാനുമതി നല്കിയും, ടി തുക 4235-02-102-96 (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഷെഹർ ബാനു**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വനിത ശിശു വികസന (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ